C.B(1)42134/2014 Office of the Registrar of Co-operative Societies
Thiruvananthapuram, Dated: 27/5/2015

Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

# സർക്കുലർ നമ്പർ . 26 /15

വിഷയം:- സഹകരണവകുപ്പ്-സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സഹകരണ സംഘങ്ങളുടെ കീഴിൽ ധാരാളം സ്വയം സഹായ സംഘങ്ങളും, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി നിലവിൽ ഫലപ്രദമായ സംവിധാനമില്ലായെന്ന് കണ്ടതിനാൽ പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാതലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും താഴെപറയും പ്രകാരം അവലോകന കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. **ജില്ലാ തല കമ്മിറ്റി**
   1. പ്രസിഡന്റ്, ജില്ലാ സഹകരണ ബാങ്ക് -ചെയർമാൻ
   2. ജോയിന്റ് രജിസ്ട്രാർ(ജനറൽ) - കോ-ചെയർമാൻ
   3. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) - അംഗം
   4. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക് - അംഗം
   5. സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ - അംഗങ്ങൾ
   6. അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ) - അംഗങ്ങൾ
   7. പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി അസോസിയേഷൻ പ്രസിഡന്റ്/സെക്രട്ടറി } അംഗങ്ങൾ
   8. അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി./എസ്സ്.റ്റി) - അംഗം
   9. അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) - കൺവീനർ
2. **താലൂക്ക്തല കമ്മിറ്റി**
   1. സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ - ചെയർമാൻ
   2. അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)
   3. സർക്കിൾ സഹകരണ യൂണിയനിലെ PACS പ്രതിനിധി - അംഗം
   4. സർക്കിൾ സഹകരണ യൂണിയനിലെ ജീവനക്കാരുടെ ഒരു പ്രതിനിധി- അംഗം
   5. ജില്ലാ ബാങ്ക് എക്സിക്യൂട്ടീവ് ആഫീസർ - അംഗം
   6. സർക്കിൾ സഹകരണ യൂണിയനിലെ വനിതാ/പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധികൾ - അംഗങ്ങൾ
   7. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) - കൺവീനർ

3. **സംഘം തലത്തിൽ**

1. സംഘം പ്രസിഡന്റ് (ചെയർമാൻ)
2. എല്ലാ കമ്മിറ്റി അംഗങ്ങളും - അംഗങ്ങളും
3. സംഘം നോമിനേറ്റ് ചെയ്യുന്ന SHG ഗ്രൂപ്പ് പ്രതിനിധികൾ (2) - അംഗങ്ങൾ
4. യൂണിറ്റ് ഇൻസ്പെക്ടർ
5. സംഘം ചീഫ് എക്സിക്യൂട്ടീവ് (കൺവീനർ)

സംഘം തലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും SHG കളുടെ പ്രവർത്തന പുരോഗതി വിലയിരിത്തേണ്ടതും അവലോകന റിപ്പോർട്ട് യോഗം ചേർന്നതിന്റെ അടുത്തവാരം തന്നെ താലൂക്ക്തല മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും, താലൂക്ക്തല മോണിറ്ററിംഗ് കമ്മിറ്റിയും, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും മൂന്നുമാസത്തിലൊരിക്കൽ അവലോകന യോഗം ചേരേണ്ടതും സ്വയം സഹായ ഗ്രൂപ്പുകളുടെ ഒരു പൊതു അവലോകനവും നടത്തേണ്ടതുമാണ്.

അവലോകന യോഗത്തിൽ ഗ്രൂപ്പുകളുടെ പ്രവർത്തനം, കുടിശ്ശിക, ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി എന്നിവ വിലയിരുത്തേണ്ടതും പ്രവർത്തനത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രൂപ്പുകൾക്ക് നൽകേണ്ടതുമാണ്. താലൂക്ക് തലത്തിലുള്ള അവലോകന റിപ്പോർട്ട് ജില്ലാതല കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ജില്ലാതല അവലോകന റിപ്പോർട്ട്, യോഗം ചേർന്ന് രണ്ടാഴ്ചയ്ക്കകം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്
**എസ്സ്.ലളിതാംബിക.ഐ.എ.എസ്സ്**
സഹകരണസംഘം രജിസ്ട്രാർ

**പകർപ്പ്:-**

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. പ്രസിഡന്റ്/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
6. സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ
7. അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) ജോയിന്റ് രജിസ്ട്രാർ മുഖേന
8. അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി./എസ്സ്.റ്റി) ജോയിന്റ് രജിസ്ട്രാർ മുഖേന
9. യൂണിറ്റ് ഇൻസ്പെക്ടർമാർ
10. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)
11. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്ക്
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13. എഡിറ്റർ, സഹകരണ വീഥി
14. വെബ്സൈറ്റ്.
15. സ്റ്റോക്ക് ഫയൽ